# ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്

## പുറപ്പെടുവിക്കുന്നത്: ജി.ഹരികുമാർ ഐ.എഫ്.എസ്.

| | |
|---|---|
| വിഷയം:- | വനം വകുപ്പ് - ജീവനക്കാര്യം - 10.10.2010 തീയതി കണക്കാക്കി തയ്യാറാക്കിയ ലോവർ ഡിവിഷൻ ക്ളാർക്കുമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ.ഗിരീഷ് ചെമ്മനങ്ങാടിന്റെ സ്ഥാനം പുന; നിർണ്ണയിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്. |
| സൂചന:- | 1. ശ്രീ.ഗിരീഷ് ചെമ്മനങ്ങാടിന്റെ 18.10.13-ലെ അപേക്ഷ<br>2. കണ്ണൂർ, നോർത്തേൺസർക്കിൾ, ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 01.07.2005 -ലെ S.O No 38/05 നമ്പർ ഉത്തരവ്<br>3. ഭരണവിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 07.06.2011 -ലെ ഇ5-678/09 നമ്പർ ഉത്തരവ് |

## ഉത്തരവ് നമ്പർ - ഇ5-678/2009 തീയ്യതി 31/12/2013.

വനംവകുപ്പിലെ ലോവർ ഡിവിഷൻ ക്ളാർക്കുമാരുടെ 10/10/2010 തീയതി കണക്കാക്കിയുള്ള താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് സൂചന (3) പ്രകാരം 12.07.2011 ലെ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ 221 ആയി സ്ഥാനം നിശ്ചയിച്ചിട്ടുള്ള തനിക്ക് യഥാസമയം സീനിയർ ക്ലാർക്കായി സ്ഥാനകയറ്റം നൽകിയില്ല എന്ന് പരാതിപ്പെട്ട് കൊണ്ട് ശ്രീ.ഗിരീഷ് ചെമ്മനങ്ങാട് സൂചന (1) പ്രകാരം അപേക്ഷ നൽകിയിട്ടുണ്ട്.

കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ കണ്ണൂർ ജില്ലാ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഓഫീസറുടെ 21.06.2005-ലെ സി1-(4)690/03 നമ്പർ പ്രകാരം ശ്രീ.ഗിരീഷ് ചെമ്മനങ്ങാട് എൽ.ഡി.ക്ളാർക്കായി വനം വകുപ്പിൽ നിയമനം നൽകുന്നതിന് ലഭിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം. വനംവകുപ്പിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ടിയാന് നിയമനം നൽകികൊണ്ട് ഉത്തരവായിരുന്നു. ആയത് പ്രകാരം ടിയാൻ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ 13.07.2005-ന് ജോലിയിൽ പ്രവേശിച്ചു. കെ.എസ്.& എസ്.എസ്.ആർ ചട്ടം 27 പ്രകാരം പബ്ലിക്ക് സർവ്വീസ് കമ്മീഷൻ വഴി നിയമനം ലഭിക്കുന്നവർക്ക് നിയമന ശുപാർശയുടെ തീയതി പ്രകാരമാണ് സീനിയോറിറ്റി നിശ്ചയിക്കുന്നത്. ആയത് പ്രകാരം ടിയാന്റെ സ്ഥാനം സൂചന (3) സിനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 221 ആയി നിശ്ചയിച്ചിരുന്നു.

ശ്രീ.ഗിരീഷ് ചെമ്മനങ്ങാട് ജോലിയിൽ പ്രവേശിച്ച് എൽ.ഡി.ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലം പൂർത്തിയാക്കുന്നതിനു മുൻപ് പഠനാവശ്യത്തിനായി ഒരു വർഷത്തെ ശൂന്യവേതന അവധിയിൽ പ്രവേശിക്കുകയും തുടർന്ന 30.05.2006-ൽ അവധികഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. കെ.എസ്ആർ, പാർട്ട് I, Appendix XII B പ്രകാരം പ്രൊബേഷൻ കാലം പൂർത്തിയാക്കുന്നതിനു മുൻപ് പഠനാവശ്യത്തിനായി ശൂന്യ വേതന അവധിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് തിരികെ ജോലിയിൽ പ്രവേശിക്കുവാനുള്ള അനുമതി മാത്രമേ ചട്ട പ്രകാരം ലഭിക്കുകയുള്ളു.

മേൽ സാഹചര്യത്തിൽ ശ്രീ. ഗിരീഷ് ചെമ്മനങ്ങാട്, ശൂന്യവേതന അവധി കഴിഞ്ഞ് ജോലിയിൽ പ്രവേശിച്ച 30.05.2006 മുതൽ പുതുതായി ജോലിയിൽ പ്രവേശിച്ചതായി കണക്കാക്കി എൽ.ഡി.ക്ലാർക്ക് തസ്തികയിലെ 10.10.2010 തീയതി കണക്കാക്കി സൂചന (3) പ്രകാരം പ്രസിദ്ധീകരിച്ച എൽ.ഡി.ക്ലാർക്കുമാരുടെ സീനിയയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 261 ശ്രീ.കെ.റ്റി.അനീഷിനും ക്രമ നമ്പർ.262 ശ്രീ.എൻ.എം.സുരേഷ്കുമാറിനും മദ്ധ്യേ 261 (എ) ആയി ശ്രീ.ഗിരീഷ് ചെമ്മനാങ്ങാടിന്റെ സ്ഥാനം പുന; ക്രമീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

ജി.ഹരികുമാർ ഐ.എഫ്.എസ്
അഡീഷണൽ പ്രിൻസിപ്പൽ
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)

ശ്രീ.ഗിരീഷ് ചെമ്മനങ്ങാട്
(ഓഫീസ് മേലധികാരി മുഖേന)

**പകർപ്പ് :**

1. എല്ലാ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അയയ്ക്കുന്നു. ടി ഉത്തരവ് ബന്ധപ്പെട്ടവർക്ക് നൽകി കൈപ്പറ്റി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്) വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകുന്നു.
3. ഇ3- സെക്ഷന്
4. സ്റ്റോക്ക് ഫയൽ.